"ഭരണഭാഷ-മാതൃഭാഷ-"

# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ. വി. എൻ. ജിതേന്ദ്രൻ, I.A.S)

തിരുവനന്തപുരം

ഉത്തരവ് നം.: E7-37934/12. തീയതി 24-03-2014.

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - പി.ഡി.ടീച്ചർ തസ്തികയിൽ നിന്നും ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് നാല് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകുകയും പിന്നീട് ടി തസ്തികയിൽ നിന്ന് പി.ഡി.ടീച്ചർ തസ്തികയിലേയ്ക്ക് തരംതാഴ്ത്തുകയും ചെയ്ത നടപടി റദ്ദാക്കിക്കൊണ്ടും, OP(KAT)No.1584/2013-ന് മേൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ടി ജീവനക്കാർക്ക് നിയമനം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. G.O (P)നം.54/2010/സാ.ക്ഷേ.വ തീയതി: 10/08/2010.
2. സാമൂഹ്യനീതി ഡയറക്ടറുടെ 19.3.2012ലെ E9/45761/11/സാ.ക്ഷേ.വ നം. നടപടിക്രമം പ്രകാരമുള്ള ലിറ്ററസി ടീച്ചർ / പി.ഡി.ടീച്ചർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ്
3. സാമൂഹ്യനീതി ഡയറക്ടറുടെ 21.4.12ലെ E7-11602/12/സാ.ക്ഷേ.വ നം. നടപടിക്രമം.
4. സാമൂഹ്യനീതി ഡയറക്ടറുടെ 29.9.12ലെ E7-11602/12/സാ.ക്ഷേ.വ നം. നടപടി ക്രമം.
5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No.2043/12 ന്മേൽ പുറപ്പെടുവിച്ച 1.4.2013ലെ വിധിന്യായം
6. ബഹു.കേരള ഹൈക്കോടതി OP (KAT)നം.1584/2013(Z)ൻമേൽ പുറപ്പെടുവിച്ച 21.2.2014ലെ വിധിന്യായം.
7. സാമൂഹ്യ നീതി ഡയറക്ടർ പുറപ്പെടുവിച്ച 23-02-2014ലെ ഇ8/6115/ 2014 നമ്പർ നടപടിക്രമം
8. ചീഫ് ഇലക്ടറൽ ഓഫീസറുടെ 24.03.2014ലെ 1300(575) /EL4/ 2014/Election- MCC നമ്പർ കത്ത്.

സാമൂഹ്യനീതി വകുപ്പിൽ 10.8.2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന പരാമർശം(1) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ കാറ്റഗറി 5-ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് വിശേഷാൽ ചട്ടപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫീഡർ കാറ്റഗറികളിൽ നിന്ന് 3-ാം ഫീഡർ കാറ്റഗറിയുടെ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാരുൾപ്പെടെയുള്ളവരെ പരാമർശം (3)പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുകയുണ്ടായി. എന്നാൽ പരാമർശം (2) ലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പി.ഡി.ടീച്ചർമാർ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുന്നവരല്ല എന്ന കാരണത്താൽ പരാമർശം

(3) പ്രകാരം ഉദ്യോഗക്കയറ്റം നൽകപ്പെട്ട ഉത്തരവിൽ ഉൾപ്പെട്ടിരുന്ന ശ്രീ.എൻ.കുമരേശൻ ആശാരി, ശ്രീമതി.പി.ബിജി, ശ്രീ.കെ.ജെ.രാജു, ശ്രീമതി.കെ.എൽ.ഷൈനി എന്നീ ജീവനക്കാരെ പരാമർശം (4) പ്രകാരം ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് -II തസ്തികയിൽ നിന്ന് തരംതാഴ്ത്തുകയും ടി ജീവനക്കാർക്ക് പകരം ഇതര ഫീഡർ കാറ്റഗറികളിൽപ്പെട്ട ജീവനക്കാർക്ക് ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകി നിയമനം നടത്തുകയും ചെയ്തിരുന്നു.

(2) പ്രസ്തുത തരംതാഴ്ത്തലിനെതിരെ ശ്രീ. എൻ. കുമരേശൻ ആശാരിയും കൂട്ടരും സാമൂഹ്യനീതി ഡയറക്ടറേയും പകരം ഉദ്യോഗക്കയറ്റം നേടിയ ജീവനക്കാരെയും എതിർകക്ഷികളാക്കി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA 2043/12- ാം നംപർ ഹർജി ഫയൽ ചെയ്യുകയും, ബഹു. Kerala Administrative Tribunal പ്രസ്തുത ഹർജി തീർപ്പു കൽപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (5)-ലെ വിധിന്യായത്തിൽ ഹർജിക്കാർ ലിറ്ററസി ടീച്ചർ തസ്തികയിൽ ഉള്ളവരാണെന്ന് കണ്ടെത്തുകയും ഹർജിക്കാരെ തരംതാഴ്ത്തിയ പരാമർശം (4)ലെ ഉത്തരവ് റദ്ദാക്കുകയും ഇവരെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ ഉദ്യോഗക്കയറ്റം നൽകുവാനും അവർ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ തുടർന്നിരുന്നതായി കണക്കാക്കി നിയമ പ്രകാരം ലഭിക്കേണ്ട എല്ലാ ആനുകൂല്യങ്ങളും നൽകുവാനും ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ പ്രസക്തഭാഗം ചുവടെ ചേർക്കുന്നു.

" In view of the above position, it is declared that the applicants are Literacy Teachers Grade II working in the Social Welfare Department. That is why they are included in Annexure A6 seniority list of Literacy Teacher/PD Teacher for the period upto 30.11.1999 and they were rightly promoted as Superintendent Welfare Institution Grade II as per Annexure A3 order. Therefore, their reversion as per Annexure A4 order on the ground that they are P.D. Teachers and, therefore, they do not come under the feeder category for promotion to the post of Superintendent, Welfare Institution Gr.II is plainly untenable. So, Annexure A4 is ultravires and unauthorized. Accordingly, it is quashed. Annexure A4 (a), being a dependent proceeding, is also quashed. The second respondent is directed to promote the applicants as Superintendent, Welfare Institution Gr.II within two weeks from the date of receipt of a copy of this order. They shall be treated as having continued in service as Superintendent Welfare Institution Grade. II all along without reversion and they shall be granted all consequential benefits legally permissible as per the relevant rules and orders within three months from the date of receipt of a copy of this order."

(3) ബഹുമാനപ്പെട്ട കേരള അഡ്മനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിക്കെതിരെ ടി OA 2043/12ൽ എതിർ കക്ഷികളായിരുന്ന ജീവനക്കാർ ബഹു. ഹൈക്കോടതി മുമ്പാകെ O.P (KAT) 1584/13 ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതി 12.4.2013-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലൂടെ ബഹു. Kerala Administrative Tribunal-ന്റെ വിധി ന്യായം (പരാമർശം 5) സ്റ്റേ ചെയ്യുകയുമുണ്ടായി. തുടർന്ന് ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 21.2.14ലെ പരാമർശം (6)ലെ അന്തിമ വിധിന്യായത്തിൽ 12.4.2013ൽ പുറപ്പെടുവിച്ചിരുന്ന സ്റ്റേ പിൻവലിക്കുകയും OA No.2043/2012-ൽ ബഹു. കേരള

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (5)ലെ വിധിന്യായം ശരിവയ്ക്കുകയും, 12.4.2013ലെ സ്റ്റേ ഉത്തരവ് OA നം. 2043/12ലെ ഹർജിക്കാരുടെ ഒരവകാശത്തേയും ഹനിക്കുന്നില്ലായെന്ന് ഔദ്യോഗിക എതിർകക്ഷികൾ ഉറപ്പുവരുത്തണമെന്നും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾക്ക് ഉത്തരവ് കൈപ്പറ്റി മൂന്ന് മാസത്തിനുള്ളിൽ പ്രാബല്യം നൽകണമെന്നും ഉത്തരവായിട്ടുണ്ട്. ടി വിധിയുടെ പ്രസക്തഭാഗം താഴെ ചേർക്കുന്നു.

" In the result, this original petition is dismissed. As a consequence, the interim order dated: 12.4.2013 stands vacated, and the official respondents are directed to ensure that nothing done on the basis of that interim order shall affect the rights of those who were the applicants in OA No.2043 of 2012 and the directions of the Tribunal shall be given effect to within three months from the date of receipt of a copy of this judgment."

(4) ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (5)ലെ വിധിന്യായം ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം (6)ലെ അന്തിമ വിധിന്യായത്തിലൂടെ ശരിവച്ച സാഹചര്യത്തിൽ OA No.2043/2012-ലെ ഹർജിക്കാരും, ക്ഷേമസ്ഥാപന സൂപ്രണ്ട് Gr.II തസ്തികയിൽ നിന്ന് തരംതാഴ്ത്തപ്പെട്ടവരുമായ ശ്രീ.എൻ.കുമരേശൻ ആശാരി, ശ്രീമതി.പി.ബിജി, ശ്രീ.കെ.ജെ.രാജു, ശ്രീമതി.കെ.എൽ. ഷൈനി എന്നീ ജീവനക്കാരുടെ പരാമർശം (4) പ്രകാരമുള്ള തരംതാഴ്ത്തൽ ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ജീവനക്കാരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധിന്യായത്തിൽ നിർദ്ദേശിച്ച പ്രകാരവും ആയത് ബഹു.ഹൈക്കോടതി ശരിവച്ച പ്രകാരവും ജീവനക്കാർക്ക് ക്ഷേമസ്ഥാപനസൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയ പരാമർശം (3)ലെ ഉത്തരവ് തീയതിയായ 21.4.2012 പ്രാബല്യത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ഉദ്യോഗക്കയറ്റം പുന:സ്ഥാപിച്ചു നൽകിക്കൊണ്ടും ജീവനക്കാരെ ചുവടെ അവരവരുടെ പേരിനു നേരെ ചേർത്തിട്ടുള്ള ക്ഷേമസ്ഥാപനങ്ങളിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ പുനർനിയമനം നൽകിയും പരാമർശം 3 പ്രകാരം KS&SSR 31 (a) (i) പ്രകാരം നൽകപ്പെട്ട പ്രസ്തുത ജീവനക്കാരുടെ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ഉദ്യോഗക്കയറ്റ നിയമനം KS&SSR 28 (a) (i) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി ക്രമീകരിച്ചു കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേരും ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന തസ്തികയും കാര്യാലയവും | ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ പുനർ നിയമനം നൽകുന്ന കാര്യാലയം | ചുമതല ക്രമീകരണം |
|---|---|---|---|
| 1 | ശ്രീ. എൻ. കുമരേശൻ ആശാരി പി.ഡി.ടീച്ചർ, ജുവനൈൽ ഹോം (ബോയ്സ്), കോഴിക്കോട് (വർക്കിംഗ് അറേഞ്ചമെന്റ വ്യവസ്ഥയിൽ തിരുവനന്തപുരം വി.റ്റി.സി.യിൽ സേവനം അനുഷ്ഠിക്കുന്നു | സൂപ്രണ്ട് ഗ്രേഡ് II, ബലവികലാംഗസദനം തലശ്ശേരി | ശ്രീമതി.വി. അശ്വതി, സൂപ്രണ്ട് ഗ്രേഡ് 2, ഒബ്സർവേഷൻ ഹോം(ഗേൾസ്)കോഴിക്കോട് (അവധിയിൽ) (വർക്കിംഗ് അറേഞ്ചമെന്റ വ്യവസ്ഥയിൽ തിരുവനന്തപുരം വി.റ്റി.സി.യിൽ നിയമിക്കുന്നു |
| 2 | ശ്രീമതി. പി. ബിജി പി.ഡി.ടീച്ചർ ജുവനൈൽ ഹോം, കൊല്ലം (വർക്കിംഗ് അറേഞ്ചമെന്റ വ്യവസ്ഥയിൽ) | സൂപ്രണ്ട് ഗ്രേഡ് II ബലവികലാംഗസദനം, ആലിശ്ശേരി, ആലപ്പുഴ | |
| 3 | ശ്രീ. കെ. ജെ. രാജു, പി.ഡി.ടീച്ചർ ജുവനൈൽ ഹോം, കൊല്ലം. (വർക്കിംഗ് അറേഞ്ചമെന്റ വ്യവസ്ഥയിൽ പത്തനംതിട്ട ഒബ്സർവേഷൻ ഹോമിൽ സേവനം അനുഷ്ഠിക്കുന്നു) | സൂപ്രണ്ട് ഗ്രേഡ് II ഗവ. ഒബ്സർവേഷൻ ഹോം, മലപ്പുറം | ശ്രീ. ചന്ദ്രബോസ്, സുപ്രണ്ട് ഗ്രേഡ് 1 വൃദ്ധസദനം, പത്തനംതിട്ട |
| 4 | ശ്രീമതി. കെ. എൽ. ഷൈനി പി.ഡി.ടീച്ചർ സ്പെഷ്യൽ ഹോം, തിരുവനന്തപുരം (വർക്കിംഗ് അറേഞ്ചമെന്റ വ്യവസ്ഥയിൽ തിരുവനന്തപുരം സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ AWW&HWF-ൽ സേവനം അനുഷ്ഠിക്കുന്നു) | സൂപ്രണ്ട് ഗ്രേഡ് II വൃദ്ധ വികലാംഗസദനം മായിത്തറ, ആലപ്പുഴ | |

5) പരാമർശം 8 പ്രകാരം മേൽ രണ്ടാം കോളത്തിൽ പ്രസ്താവിച്ച ജീവനക്കാർക്ക് അനുവദിച്ചിരുന്ന വർക്കിംഗ് അറേഞ്ച്മെന്റ നിയമനം ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവ്

പുറപ്പെടുവിക്കുന്നു. പരാമർശം (3)ലെ ഉത്തരവിനെ തുടർന്ന് ടി ജീവനക്കാർ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം സ്വീകരിച്ച തീയതി മുതൽ പ്രസ്തുത തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്നതായി കണക്കാക്കി ഇവരുടെ നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) 2014-ലെ പാർലമെന്റ് ഇലക്ഷൻ മാതൃകാ പെരുമാറ്റചട്ടം നിലനിൽക്കുന്ന സാഹചര്യത്തിൽ ചീഫ് ഇലക്ടറൽ ഓഫീസർ പരാമർശം (8) പ്രകാരം നൽകിയിട്ടുള്ള അനുമതിയ്ക്ക് വിധേയമായിട്ടാണ് ഈ ഉത്തരവ് പുറപ്പെടുവിക്കുന്നത്. എന്നാൽ തെരഞ്ഞെടുപ്പു ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരെ ആയതിന് ഭംഗം വരാത്ത രീതിയിൽ മാത്രം കാര്യാലയമേധാവികൾ ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും വിടുതൽ പ്രവേശന തീയതികൾ ഈ കാര്യാലയത്തിലേയ്ക്ക് അറിയിക്കേണ്ടതുമാണ്. ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ഈ ഉത്തരവ് ജീവനക്കാരുടെ ഇലക്ഷൻ ഡ്യൂട്ടിയ്ക്ക് യാതൊരുവിധ ഭംഗവും വരുന്നില്ലായെന്ന് വ്യക്തിപരമായി ഉറപ്പുവരുത്തേണ്ടതാണ്. ജീവനക്കാർക്ക് നിയമാനുസൃത യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും.

7) ഈ ഉത്തരവിലൂടെ പരാമർശം (5)ലെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 1.4.2013ലെ വിധിന്യായം ബഹു.കേരള ഹൈക്കോടതി പരാമർശം (6) പ്രകാരം പുറപ്പെടുവിച്ച 21.2.2014ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തിയിരിക്കുന്നു.

**ഒപ്പ്**
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയമേധാവി മുഖേന)

പകർപ്പ്:-

1. അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)
2. അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
3. ജില്ലാ സാമൂഹ്യനീതി ഓഫീസർ, ആലപ്പുഴ, മലപ്പുറം, കണ്ണൂർ
4. സൂപ്രണ്ട്, ജുവനൈൽ ഹോം (ബോയ്സ്), കോഴിക്കോട്
   ജുവനൈൽ ഹോം, കൊല്ലം / സ്പെഷ്യൽ ഹോം, തിരുവനന്തപുരം
5. ഇ1 മുതൽ ഇ9 സീറ്റ്
6. സ്റ്റോക്ക് ഫയൽ / സ്പെയർ.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

db/14